# മാർത്തോമ്മാ സഭയുടെ പൈതൃകവും ഭാവിയും



റവ. ഡോ. ഏബ്രഹാം കുരുവിള

### 1. ആമുഖം

പൗരസ്ത്യ പൈതൃകം വിലമതിക്കുന്നതും സുവിശേഷവിഹിതനിലപാടുകൾ പുലർത്തുന്നതുമായ ഒരു സ്വതന്ത്ര ഭാരതീയ സഭയാണ് മാർത്തോമ്മാ സഭ. അതിന്റെ വേരുകൾ തോമാശ്ലീഹാ ഭാരതത്തിൽ സുവിശേഷവെളിച്ചം എത്തിച്ചു എന്ന പാരമ്പര്യവിശ്വാസത്തിലേക്കു നീളുന്നുണ്ട്. പതിനാറാം നൂറ്റാണ്ടു വരെ കൽദായ സഭയുമായുള്ള കൂട്ടായ്മയിൽ നിന്നിരുന്ന ഈ സഭ ചരിത്രഗതിയിൽ റോമാസഭയുടെയും അന്ത്യോഖ്യൻ സുറിയാനി സഭയുടെയും മേൽക്കോയ്മ അംഗീകരിക്കേണ്ടി വന്നു. അതിൽനിന്നുള്ള സ്വാതന്ത്ര്യപ്രഖ്യാപനവും സഭാജീവിതത്തിന്റെ സുവിശേഷവിഹിത രൂപാന്തരവുമാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ നവീകരണത്തിലൂടെ സംഭവിച്ചത്. ആരാധനാരീതികളിലും, ദൈവശാസ്ത്രനിലപാടുകളിലും, സഭാഭരണത്തിലും വേദപുസ്തകം സാക്ഷിക്കുന്ന അപ്പോസ്തൊലിക സഭയുടെ പൈതൃകത്തിന് കാലികപ്രസക്തമായ രൂപം നല്കുവാനുള്ള ഉദ്യമമായിരുന്നു നവീകരണം. ആരാധനാരൂപങ്ങൾ, ദൈവശാസ്ത്രനിലപാടുകൾ, സഭാഭരണക്രമം ഇവയിലെല്ലാം പൗരസ്ത്യപൈതൃകത്തിലും പാശ്ചാത്യനവീകരണപൈതൃകത്തിലും പൊതുവിലുള്ള അപ്പോസ്തൊലികവും വേദപുസ്തകാധിഷ്ഠിതവുമായ അംശങ്ങളുടെ സമന്വയമാണ് നവീകരണകർത്താക്കൾ അവലംബിച്ചത്. ആ പാതയിലുള്ള തുടർനവീകരണത്തിന്റെ ചരിത്രമാണ് മാർത്തോമ്മാ സഭയുടെ ചരിത്രം. ഇതിന്റെ വെളിച്ചത്തിൽ സമകാലീന മാർത്തോമ്മാ സഭാജീവിതത്തെ വിലയിരുത്തുന്നതിനും ഭാവിയെ സംബന്ധിച്ച് വിചിന്തനം ചെയ്യുന്നതിനുമാണ് ഇവിടെ ഉദ്യമിക്കുന്നത്.

### 2. നവീകരണവും പൗരസ്ത്യ പൈതൃകവും

നവീകരണകാലത്തെ സമന്വയനതത്വം ഉപേക്ഷിച്ച് ആരാധനയിലും ദൈവശാസ്ത്രത്തിലുമെല്ലാം അന്ത്യോക്യൻ പൈതൃകം അപ്പാടെ പുനർജീവിപ്പിച്ചു പുനഃസ്ഥാപിക്കുവാനുള്ള ഉദ്യമങ്ങൾ സഭയിൽ ആരംഭിച്ചിട്ടുണ്ട്. മലയാളത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്ന പ്രാർത്ഥനകളും ഗീതങ്ങളും സുറിയാനിയിലാക്കി പ്രയോഗിക്കുവാനുള്ള ഉദ്യമങ്ങൾ തുടങ്ങിയിട്ടുണ്ട്. നിർജീവങ്ങളായിപ്പോയിരുന്ന ആചാരങ്ങൾ നോമ്പുകൾ പ്രതീകങ്ങൾ ഇവയൊക്കെ അടിച്ചേൽപ്പിക്കുന്ന പ്രവണതയും പെരുകി വരുന്നു. നവീകരണം ഒരു ശുചീകരണം മാത്രമായിരുന്നു എന്നും ശുചീകരിക്കപ്പെട്ട പാരമ്പര്യങ്ങൾ ഭേദം കൂടാതെ എക്കാലത്തും പിന്തുടരുകയെന്നതായിരുന്നു നവീകരണത്തിനു നേതൃത്വം നൽകിയ മൽപാന്മാർ ഉദ്ദേശിച്ചിരുന്നതെന്നും ഇപ്പോൾ പ്രചരിപ്പിക്കപ്പെടുന്നു. അതിനാൽ മാർത്തോമ്മാ സഭയിൽ ഇന്നു പ്രൊട്ടസ്റ്റന്റ് എന്നു വിശേഷിപ്പിക്കപ്പെടാവുന്ന അംശങ്ങളെല്ലാം ഏതോ തരത്തിൽ കടന്നുകൂടിയ മാലിന്യങ്ങളാണെന്നും അവയിൽനിന്നു സഭയെ ശുദ്ധീകരിച്ച് അതിന്റെ പൗരസ്ത്യത പുനഃസ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും പ്രചരിപ്പിക്കുന്ന ഒരു വിഭാഗം ഇന്നു മാർത്തോമ്മാ സഭയിലുണ്ട്.

ആരാധനാരൂപങ്ങൾ, ദൈവശാസ്ത്രനിലപാടുകൾ, സഭാഭരണക്രമം ഇവയിലെല്ലാം പൗരസ്ത്യപൈതൃകത്തിലും പാശ്ചാത്യനവീകരണപൈതൃകത്തിലും പൊതുവിലുള്ള അപ്പോസ്തൊലികവും വേദപുസ്തകാധിഷ്ഠിതവുമായ അംശങ്ങളുടെ സമന്വയമാണ് നവീകരണകർത്താക്കൾ അവലംബിച്ചത്. ആ പാതയിലുള്ള തുടർനവീകരണത്തിന്റെ ചരിത്രമാണ് മാർത്തോമ്മാ സഭയുടെ ചരിത്രം.

അന്ത്യോക്യൻ പാരമ്പര്യം അഭംഗുരം കാത്തുസൂക്ഷിക്കുവാൻ പ്രതിബദ്ധതയുള്ള ഒരു സുറിയാനി സഭയായി മാർത്തോമ്മാ സഭയെ ചിത്രീകരിക്കുവാനുള്ള ഉദ്യമങ്ങളും അവിടവിടെയായി ഉയർന്നു വരുന്നു.

മേൽ സൂചിപ്പിച്ച ചിന്താഗതി പുലർത്തുന്നവർ ഒരു സുപ്രധാന സത്യം വിസ്മരിക്കുന്നു. മലങ്കര സഭ എക്കാലവും സ്വതന്ത്രമായിരുന്നു എന്നതും റോമൻ സഭയും അന്ത്യോക്യൻ സഭയും ഈ സ്വതന്ത്രസഭയുടെ മേൽ അധിനിവേശം നടത്തുകയായിരുന്നു എന്നതും നവീകരണസഭയായ മാർത്തോമ്മാ സഭ എക്കാലത്തും ഉയർത്തിപ്പിടിച്ച സത്യമാണ്. ആ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനാണ് സ്വത്തുക്കളെല്ലാം ഉപേക്ഷിച്ച് സെമിനാരിക്കേസ് തോറ്റപ്പോൾ ഇറങ്ങിപ്പോന്നത്. അതിനാൽ ആരാധനാക്രമങ്ങൾ, ദൈവശാസ്ത്രം, സഭാഭരണം എന്നീ രംഗങ്ങളിലെല്ലാം മാർത്തോമ്മാ സഭ സ്വതന്ത്രമാണ്. അന്ത്യോക്യൻ പൈതൃകത്തിൽ ഗുണകരവും പ്രസക്തവുമായതു നിലനിർത്തുവാൻ സഭയ്ക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ അതിനു ബാധ്യതയില്ല. മാർത്തോമ്മാ സഭാജീവിതത്തിൽ ഈ സ്വാതന്ത്ര്യം പുലർത്തിയതു മൂലമാണ് സ്വതന്ത്രഭാരതത്തിന്റെ പൊതുധാരയിൽ മുദ്ര പതിപ്പിക്കുവാൻ കഴിവുള്ള ഒരു സഭയായി മാർത്തോമ്മാ സഭ വളർന്നത്. ധനസമൃദ്ധികൊണ്ടോ എണ്ണപ്പെരുപ്പം കൊണ്ടോ അല്ല ഇതു സാധിച്ചത്. എല്ലാം നഷ്ടപ്പെടുത്തി നേടിയെടുത്ത സ്വാതന്ത്ര്യം ഉപയോഗിച്ച് പൗരസ്ത്യവും പാശ്ചാത്യവുമായവയിലെ ശ്രേഷ്ഠ അംശങ്ങൾ സമന്വയിപ്പിച്ച് ചൈതന്യവത്തായ സഭാജീവിതവും സാക്ഷ്യവും നിർവഹിച്ചതിൽനിന്നാണ് അതു സാധിച്ചെടുത്തത്. ആ സ്വാതന്ത്ര്യം ഉപേക്ഷിച്ച് നൂറ്റാണ്ടുകൾ പഴക്കമുള്ളതും വൈദേശികവുമായ ആരാധനാരൂപങ്ങളും ദൈവശാസ്ത്രചിന്തകളും അപ്പാടെ ചുമലിലേറ്റുന്നത് അടിമത്തത്തിലേക്കുള്ള മടങ്ങിപ്പോക്കാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഭാരതത്തിൽ ജീവിക്കുന്ന ഒരു സഭയുടെ ആരാധനാരീതികളും ദൈവശാസ്ത്രവും എന്തായിരിക്കണമെന്നു നിശ്ചയിക്കുവാൻ നമ്മെക്കാൾ നന്നായി അറിയാവുന്നത് നൂറ്റാണ്ടുകൾ മുമ്പു ജീവിച്ചിരുന്ന സുറിയാനി സഭയ്ക്കാണ് എന്ന ചിന്ത ഈ അടിമമനസ്സിൽനിന്ന് ഉടലെടുക്കുന്നു. അന്ത്യോക്യൻ പാരമ്പര്യങ്ങൾ ഒരു നിധി കണക്കെ ചുമന്നുകൊണ്ടു നടക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഭാരതത്തിൽ ജീവിക്കുന്ന വിദ്യാസമ്പന്നരായ അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു സഭയ്ക്ക് തീർത്തും ചേർച്ചയല്ല. ഭാരതക്രൈസ്തവർ വിദേശികളാണെന്ന സംഘപരിവാർ വാദഗതിയെ ഉറപ്പിക്കുവാൻ മാത്രമേ ഈ അടിമത്തം ഉപകരിക്കുന്നുള്ളൂ. ശരീരംകൊണ്ടു ഭാരതത്തിൽ ജീവിക്കയും മനസ്സും ആത്മാവും അന്യദേശത്ത് ഏതോ ഗതകാലത്തു കുടുങ്ങിപ്പോകയും ചെയ്ത ഒരു കൂട്ടർ എന്ന സന്ദേശമാണ് ഭാരതത്തിലെ മതേതരലോകത്തിന് ഇതുമൂലം നാം നൽകുന്നത്. മധ്യപൗരസ്ത്യദേശത്തെ സഭകളുമായി ഒരു ആശ്രയബന്ധത്തിൽ നൂറ്റാണ്ടുകളോളം ജീവിച്ചതുമൂലം തോമാശ്ലീഹായാൽ സ്ഥാപിതമായെന്നവകാശപ്പെടുന്ന ഒരു സ്വതന്ത്രസഭയുടെ മക്കൾ എന്ന നമ്മുടെ സ്വത്വം നാം തന്നെ വിസ്മരിച്ചുവോ എന്നും സംശയം ജനിപ്പിക്കുന്നതാണ് ഇത്തരം ചിന്താധാരകൾ. എല്ലാം നഷ്ടപ്പെടുത്തി നാം വീണ്ടെടുത്ത സ്വാതന്ത്ര്യം സുറിയാനി സഭയ്ക്കു മുമ്പിൽ വീണ്ടും അടിയറ വയ്ക്കുവാൻ ഏതായാലും ഞാൻ ഒരുക്കമല്ല.

മലങ്കര സഭ എക്കാലവും സ്വതന്ത്രമായിരുന്നു എന്നതും റോമൻ സഭയും അന്ത്യോക്യൻ സഭയും ഈ സ്വതന്ത്രസഭയുടെ മേൽ അധിനിവേശം നടത്തുകയായിരുന്നു എന്നതും നവീകരണസഭയായ മാർത്തോമ്മാ സഭ എക്കാലത്തും ഉയർത്തിപ്പിടിച്ച സത്യമാണ്. ആ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനാണ് സ്വത്തുക്കളെല്ലാം ഉപേക്ഷിച്ച് സെമിനാരിക്കേസ് തോറ്റപ്പോൾ ഇറങ്ങിപ്പോന്നത്.

**3. ആരാധനാക്രമങ്ങൾ ചലനാത്മകമാണ്**

ആരാധനാക്രമങ്ങൾ കാലികമായി പരിഷ്കരിക്കുക എന്നത് ലോകത്തെമ്പാടുമുള്ള സഭകൾ പിന്തുടരുന്ന നടപടിയാണ്. മലങ്കര സഭയുടെയത്ര പഴക്കമുള്ള സഭകളിൽ സ്വന്തമായ ആരാധനാക്രമങ്ങൾ രൂപപ്പെടുത്താത്തവ വേറെ അധികം ഉണ്ടാവില്ല. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ മലങ്കര സഭയ്ക്ക് അതു കഴിയാതെ പോയി എന്നതാണു സത്യം. പുരാതന ക്രൈസ്തവ കേന്ദ്രങ്ങളായിരുന്ന യരൂശലേം, അന്ത്യോക്യ, എഡസ്സാ, കോൺസ്റ്റന്റിനോപ്പിൾ, അലക്സാൻഡ്രിയ, റോം മുതലായവ ആരാധനാരൂപങ്ങൾ സൃഷ്ടിക്കുന്നതിൽ പരസ്പരം കടം കൊടുക്കുകയും കടം വാങ്ങുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, പ്രാദേശിക സംസ്കാരത്തിനനുയോജ്യമായവ സൃഷ്ടിച്ചെടുക്കയും ചെയ്തിട്ടുണ്ട്. മലങ്കര സഭ ചരിത്രപരമായി ബന്ധപ്പെട്ടു നിന്നിട്ടുള്ള കൽദായ സഭ, റോമാ സഭ, അന്ത്യോക്യൻ സഭ ഇവയുടെയെല്ലാം ആരാധനാക്രമങ്ങൾ ഈ രൂപത്തിലാണു വളർന്നു രൂപം കൊണ്ടത്. തന്മൂലമാണ് ഉദയംപേരൂർ സുന്നഹദോസിനു ശേഷം റോമാക്കാർ ഇവിടെ ആധിപത്യം സ്ഥാപിച്ചപ്പോൾപോലും കൽദായസഭയുടെ ക്രമങ്ങളിൽ ചില വെട്ടിത്തിരുത്തലുകൾ മാത്രം വരുത്തുകയും അവ സമൂലം മാറ്റം വരുത്താതിരിക്കയും ചെയ്തത്. മലങ്കര സഭ ബന്ധപ്പെട്ടു നിൽക്കുന്ന അന്ത്യോക്യരാകട്ടെ പുതിയ ആരാധനാക്രമങ്ങൾ രൂപപ്പെടുത്തുന്നതിൽ അഗ്രഗണ്യരായിരുന്നു. ഒരു സമയത്ത് അവർക്ക് നൂറിലേറെ കുർബാന തക്സാകളുണ്ടായിരുന്നു. പൈതൃകമായി ലഭിച്ചതിനെ നിധി പോലെ സൂക്ഷിക്കുന്ന പ്രകൃതം അവർക്കുണ്ടായിരുന്നെങ്കിൽ ഇത്രയേറെ പുതിയ ക്രമങ്ങൾ രൂപപ്പെടുകയില്ലായിരുന്നു എന്നതു പകൽപോലെ സ്പഷ്ടമാണല്ലോ. അവരുടെ സർഗ്ഗാത്മകത നിലച്ചുപോയത് ഇസ്ലാമിക അടിച്ചമർത്തലും പീഡനമുറകളും മൂലമാണ്. പീഡനകാലത്തിനു മുമ്പ് അവർ പ്രകടിപ്പിച്ച

**അന്ത്യോക്യൻ ക്രമങ്ങളെ ശാശ്വതവത്കരിച്ച് വിഗ്രഹവത്ക്കരിക്കുന്നത് മാർത്തോമ്മാസഭയെ നിർജീവതയിലേക്കായിരിക്കും**

സർഗ്ഗാത്മകതയാണ് സ്വതന്ത്രഭാരതത്തിലെ സ്വതന്ത്രസഭയായ മാർത്തോമ്മാ സഭ പിന്തുടരേണ്ടത്. പീഡനവും അടിച്ചമർത്തലും മൂലം നിശ്ചലമായിപ്പോയ അന്ത്യോക്യൻ ആരാധനാരൂപങ്ങളെ നിശ്ചലമായി സൂക്ഷിക്കുന്നതു തോമാശ്ലീഹായുടെ പൈതൃകമുള്ള ഒരു സ്വതന്ത്ര സഭയ്ക്കു ഭൂഷണമല്ല. ചരിത്രപരമായ കാരണങ്ങളാൽ മലങ്കരസഭയ്ക്ക് ഒരിക്കലും സാധിക്കാതെ പോയ കാര്യമാണ് സ്വന്തമായ ആരാധനാരൂപങ്ങൾ സൃഷ്ടിച്ചെടുക്കുക എന്നത്. പൈതൃകമായി ആഗോള സഭയിൽ നിന്നു നമുക്കു ലഭിച്ചിട്ടുള്ള ആരാധനാപൈതൃകം ഭാരതസംസ്കാരവുമായി സമന്വയിപ്പിച്ചാണ് ഇതു നേടിയെടുക്കേണ്ടത്. ഇത് ഒരു ദിവസംകൊണ്ടോ ഒരു വർഷംകൊണ്ടോ സാധിച്ചെടുക്കാവുന്ന കാര്യമല്ല. ക്രമാനുഗതമായി ഉരുത്തിരിഞ്ഞു വരേണ്ടതാണ്. അതിനു സഹായകമായ സഭാന്തരീക്ഷം സൃഷ്ടിക്കുക എന്നത് സ്വതന്ത്രസഭയായ മാർത്തോമ്മാ സഭയുടെ പാവനമായ ചുമതലയാണ്. അന്ത്യോക്യൻ ക്രമങ്ങളെ ശാശ്വതവത്കരിച്ച് വിഗ്രഹവത്ക്കരിക്കുന്നത് മാർത്തോമ്മാസഭയെ നിർജീവതയിലേക്കായിരിക്കും നയിക്കുക. യുവജനങ്ങളിൽ വലിയൊരു പങ്ക് പൈതൃകമായി ലഭിച്ച ആരാധനാരൂപങ്ങളോടു പുറംതിരിഞ്ഞു നിൽക്കുന്നു. മിഷൻ ഫീൽഡുകളിലെ നവവിശ്വാസികളും വീർപ്പുമുട്ടുന്നു. അന്ത്യോക്യൻ ക്രമങ്ങളുടെ ശ്രേഷ്ഠത അവരുടെ മേൽ അടിച്ചേൽപ്പിക്കുന്നതല്ല പരിഹാരം. യുവജനങ്ങളുടെയും മിഷൻഫീൽഡുകളിലെയും സാംസ്കാരിക സവിശേഷതകൾ ഗ്രഹിച്ച് അവരോടൊപ്പം അന്വേഷിക്കുമ്പോഴാണ് ക്രമാനുഗതമായി പുതിയ രൂപങ്ങൾ ഉടലെടുക്കുന്നത്. ആഗോള ക്രൈസ്തവ ആരാധനാപൈതൃകത്തിനു പൊതുവായുള്ള അംശമാണ് ആരാധനയിലെ രക്ഷാചരിത്രവർണ്ണന. എല്ലാ ക്രൈസ്തവ ആരാധനാരൂപങ്ങളും വിശ്വാസികളെ രക്ഷാചരിത്രവുമായി ബന്ധിപ്പിക്കുന്നു. അതുവഴി ചരിത്രത്തിനുള്ളിൽ ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പങ്കുചേരുവാൻ സജ്ജരാകുകയും ചെയ്യുന്നു. പൈതൃകമായ ഈ അംശത്തിനു കാലികരൂപങ്ങൾ നൽകുന്നതിലാണ് മാർത്തോമ്മാ സഭ തോമാശ്ലീഹായുടെ പൈതൃകമുള്ള സഭയായി വളരുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു. ആഗോള ക്രൈസ്തവ ആരാധനാപൈതൃകത്തെ സംബന്ധിച്ച വ്യാപകമായ അറിവു വിശ്വാസികൾക്കു പകർന്നു കൊടുക്കുകയും സമകാലീന സംസ്കാരവുമായി അവയെ ബന്ധപ്പെടുത്തി ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പങ്കുചേരുവാൻ വിശ്വാസികളെ പ്രചോദിപ്പിക്കുന്ന ആരാധനാരൂപങ്ങൾ സൃഷ്ടിച്ചെടുക്കുകയുമാണ് മാർത്തോമ്മാ സഭയുടെ മുമ്പിലുള്ള യഥാർത്ഥ വെല്ലുവിളി. ചലനാത്മകത ദൈവസ്വഭാവമാണ്. സഭയും സഭയുടെ ദൈവശാസ്ത്രവും ആരാധനാരീതികളും സഭാഭരണക്രമങ്ങളും ദൈവത്തോടൊപ്പം ചലിക്കേണ്ടതുണ്ട്.

**4. മാർത്തോമ്മാ സഭയും പ്രൊട്ടസ്റ്റന്റ് സഭകളും**

നവീകരണത്തെ തുടർന്ന് മാർത്തോമ്മാ സഭയിൽ പ്രൊട്ടസ്റ്റന്റ് കടന്നുകയറ്റം ഉണ്ടായെന്നും അതിൽനിന്നു സഭയെ മോചിപ്പിച്ച് മായമില്ലാത്ത പൗരസ്ത്യസഭയാക്കുന്നതു തങ്ങളുടെ നിയോഗമാണെന്നും കരുതുന്ന ഒരു വിഭാഗം ഇന്നു മാർത്തോമ്മാ സഭയിലുണ്ട്. റോമാ സഭ, അന്ത്യോക്യൻ സഭ ഇവയിൽ നിന്നു ഭിന്നമായി ആംഗ്ലിക്കൻ സഭയോ ഇതര പ്രൊട്ടസ്റ്റന്റ് സഭകളോ മാർത്തോമ്മാ സഭയുടെ മേൽ ഒന്നും അടിച്ചേൽപ്പിച്ചില്ല എന്നതാണു സത്യം. നവീകരണത്തിൽ പ്രൊട്ടസ്റ്റന്റ് സ്വാധീനങ്ങളുണ്ടായിരുന്നു എന്നതു സത്യം. എന്നാൽ അവ മാർത്തോമ്മാ സഭ അതിന്റെ സ്വാതന്ത്ര്യത്തിൽ സ്വീകരിച്ചവയാണ്; അടിച്ചേൽപ്പിക്കപ്പെട്ടവയല്ല. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളും വിശുദ്ധന്മാർ എന്നു കരുതപ്പെട്ടിരുന്നവരുടെ മധ്യസ്ഥതയും മാർത്തോമ്മാസഭ ഉപേക്ഷിച്ചു. അറുപത്താറു പുസ്തകങ്ങളുള്ള വേദപുസ്തകം വിശ്വാസവിഷയങ്ങൾക്ക് ആധികാരികമായി സഭ സ്വീകരിച്ചു. മധ്യസ്ഥ പൗരോഹിത്യ സങ്കല്പം ഉപേക്ഷിച്ചു. എപ്പിസ്കോപ്പസിയെ രാജകീയ സങ്കല്പങ്ങളിൽനിന്നു മുക്തമാക്കി ഭരണഘടനാവിധേയമാക്കി. ജനാധിപത്യതത്വങ്ങളിൽ അധിഷ്ഠിതമായ ഒരു ഭരണഘടനയ്ക്കു രൂപം കൊടുത്തു. ഇക്കാര്യങ്ങളിലെല്ലാം നവീകരിക്കപ്പെട്ട മാർത്തോമ്മാ സഭ മറ്റു പൗരസ്ത്യസഭകളിൽനിന്നു ഭിന്നമാണ്. സുവിശേഷീകരണം സഭ ഗൗരവമായി കാണാൻ തുടങ്ങിയതും പ്രൊട്ടസ്റ്റന്റ് സഭകളോടുള്ള ബന്ധത്തിലാണ്. ഈ സവിശേഷതകൾ രൂപപ്പെട്ടു വന്നതിൽ പ്രൊട്ടസ്റ്റന്റ് സ്വാധീനം ഒരു സത്യമാണ്, മറച്ചുവയ്ക്കപ്പെടേണ്ടതല്ല. ഈ സവിശേഷതകൾ തെരഞ്ഞുപിടിച്ചു പുറന്തള്ളേണ്ട തിന്മകളല്ല. മറിച്ച് മാർത്തോമ്മാസഭയെ ധാർമ്മിക പുതുക്കത്തിനു മുൻതൂക്കം നൽകുന്നതും സുവിശേഷദർശനമുള്ളതും ചൈതന്യം തുളുമ്പുന്നതുമായ ഒരു സഭയായി രൂപപ്പെടു

**മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളും വിശുദ്ധന്മാർ എന്നു കരുതപ്പെട്ടിരുന്നവരുടെ മധ്യസ്ഥതയും മാർത്തോമ്മാസഭ ഉപേക്ഷിച്ചു. അറുപത്താറു പുസ്തകങ്ങളുള്ള വേദപുസ്തകം വിശ്വാസവിഷയങ്ങൾക്ക് ആധികാരികമായി സഭ സ്വീകരിച്ചു. മധ്യസ്ഥ പൗരോഹിത്യ സങ്കല്പം ഉപേക്ഷിച്ചു. എപിസ്കോപ്പസിയെ രാജകീയ സങ്കല്പങ്ങളിൽനിന്നു മുക്തമാക്കി ഭരണഘടനാവിധേയമാക്കി. ജനാധിപത്യതത്വങ്ങളിൽ അധിഷ്ഠിതമായ ഒരു ഭരണഘടനയ്ക്കു രൂപം കൊടുത്തു. ഇക്കാര്യങ്ങളിലെല്ലാം നവീകരിക്കപ്പെട്ട മാർത്തോമ്മാ സഭ മറ്റു പൗരസ്ത്യസഭകളിൽനിന്നു ഭിന്നമാണ്.**

ത്തിയ നന്മയാണ്. ഇതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

പ്രൊട്ടസ്റ്റന്റ് ദർശനങ്ങൾ മാത്രമല്ല, പ്രൊട്ടസ്റ്റന്റ് സഭകളോടുള്ള ബന്ധങ്ങളും മാർത്തോമ്മാ സഭയെ ധന്യമാക്കിയിട്ടുണ്ട്. ആംഗ്ലിക്കൻ സഭയുമായി ഔദ്യോഗികബന്ധങ്ങൾ 1936-ലെ ആഗന്തുക കൂട്ടായ്മാ (occational intercommunion) ബന്ധം മുതൽ ആരംഭിച്ച് പൂർണ്ണസംസർഗ്ഗബന്ധം വരെ വളർന്നു. ആംഗ്ലിക്കൻ സഭ പങ്കാളിയായി ദക്ഷിണേന്ത്യാസഭ 1947-ൽ രൂപീകൃതമായപ്പോൾ ആംഗ്ലിക്കൻ സഭയുമായുണ്ടായിരുന്ന ബന്ധം ദക്ഷിണേന്ത്യാസഭയുമായി ഉപാധികളോടെ തുടരുവാൻ പ്രാരംഭത്തിൽ ധാരണയായി. 1974-ൽ അത് പൂർണ്ണസംസർഗ്ഗബന്ധത്തിൽ എത്തി. ഉത്തരേന്ത്യാസഭയുമായിട്ടാകട്ടെ 1973 മുതൽ പൂർണ്ണ സംസർഗ്ഗബന്ധത്തിലേക്കു പ്രവേശിക്കയും ചെയ്തു. മൂന്നു സഭകളും തമ്മിലുള്ള പൂർണ്ണ സംസർഗ്ഗബന്ധം പിന്നാലെ മൂന്നു സഭകളും ചേർന്നുള്ള ജോയിന്റ് കൗൺസിലിന്റെ രൂപീകരണത്തിലേക്കും പിന്നാലെ 'കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ'യുടെ രൂപീകരണത്തിലേക്കും എത്തി.

പ്രൊട്ടസ്റ്റന്റ് സഭകളുമായുള്ള മാർത്തോമ്മാ സഭയുടെ ബന്ധങ്ങൾ മേൽ സൂചിപ്പിച്ച വിധത്തിൽ വളർന്നത് നവീകരണകാലം മുതൽ സഭ പുലർത്തിപ്പോന്ന ദൈവശാസ്ത്ര, സഭാശാസ്ത്ര നിലപാടുകളിൽ അധിഷ്ഠിതമാണ്. പ്രൊട്ടസ്റ്റന്റ് സഭകളോടുള്ള ബന്ധത്തിൽ പരമ്പരാഗത പൗരസ്ത്യ സഭകൾ പുലർത്തിപ്പോരുന്ന നിലപാടുകളല്ല മാർത്തോമ്മാ സഭ ഒരിക്കലും പുലർത്തിപ്പോന്നത്. സഭയുടെ ആത്മീയ പരിപോഷണത്തിൽ സുപ്രധാന പങ്കുവഹിച്ചിട്ടുള്ള മാരാമൺ കൺവൻഷനിലെ പ്രസംഗകരിൽ മഹാഭൂരിപക്ഷവും പ്രൊട്ടസ്റ്റന്റ് സഭാംഗങ്ങളായിരുന്നു. എപ്പിസ്കോപ്പൽ സംവിധാനമില്ലാത്ത സഭകളിലെ പട്ടക്കാരും, ഉണ്ടെങ്കിൽത്തന്നെ ചരിത്രപരമായ എപ്പിസ്കോപ്പസി പിന്തുടരാത്തതുമായ സഭകളിലെ പട്ടക്കാരും മാരാമൺ കൺവൻഷനിലെ മുഖ്യപ്രസംഗകരായി നിരന്തരം ക്ഷണിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യയിലെ പ്രൊട്ടസ്റ്റന്റ് സഭകളുമായി ചേർന്ന് ഒരു ഐക്യസഭയ്ക്ക് രൂപംകൊടുക്കുന്നതിനെ സംബന്ധിച്ച് തീത്തൂസ് ദ്വിതീയൻ മാർത്തോമ്മാ മെത്രാപ്പോലീത്താ വിഭാവന ചെയ്തിരുന്നു. മെത്രാപ്പോലീത്താ കാലം ചെയ്യുന്നതിനു മുമ്പ് അവസാനമായി എഴുതിയ കല്പനയിലെ വാക്കുകൾ ശ്രദ്ധിക്കുക: "... ... അതുകൊണ്ട് നമുക്കുള്ള ഉത്തരവാദിത്തം വലുതാണ്. ഇന്ത്യയിൽ ക്രിസ്തുസഭ പല വിഭാഗങ്ങളായിട്ടാണല്ലോ സ്ഥിതി ചെയ്യുന്നത്. ഏകയോഗക്ഷേമമായി നടത്താവുന്ന ഒരു സ്വതന്ത്ര ഐക്യസഭ ഇന്ത്യയിൽ രൂപപ്പെടണമെന്നാണ് എന്റെ ആഗ്രഹം." (മാർത്തോമ്മാ സഭാഡയറക്ടറി, 2015 പു. 97) യൂഹാനോൻ മാർത്തോമ്മായും മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായും ചേർന്ന് 1952-ൽ 'ഭാരതത്തിലെ ക്രിസ്തുസഭകളോട് ഒരു ആഹ്വാനം' എന്ന തലക്കെട്ടിൽ നല്കിയ ഒരു ക്രിസ്മസ് സന്ദേശമുണ്ട്. അതിലെ ഉള്ളടക്കവും ശ്രദ്ധേയമാണ്. മാർത്തോമ്മാസഭയെ സംബന്ധിച്ച പരാമർശം ശ്രദ്ധിക്കുക: "പൗരസ്ത്യസഭയുടെ പരമ്പരാഗതമായ ആരാധനാസമ്പ്രദായത്തിന്റെ ഉത്തമസവിശേഷതകൾ നിലനിർത്തിക്കൊണ്ടും പാശ്ചാത്യസഭയുടെയും മാർട്ടിൻ ലൂഥറിന്റെയും നവീകരണതത്വങ്ങൾ അംഗീകരിച്ചുകൊണ്ടും ഇവ രണ്ടിന്റെയും മധ്യേ ഒരു ചങ്ങലക്കണ്ണി പോലെ നിലനിൽക്കുവാൻ കഴിയുന്നതിൽ നാം അഭിമാനിക്കുന്നു." പ്രൊട്ടസ്റ്റന്റ് ബന്ധങ്ങളിൽ അഭിമാനിക്കുന്ന ഒരു ചരിത്രമാണ് മാർത്തോമ്മാ സഭയ്ക്കുള്ളത് എന്നു വ്യക്തം. പ്രസ്തുത ആഹ്വാനത്തിൽ ഐക്യസഭയ്ക്കുവേണ്ടി ആത്മപരിത്യാഗം ചെയ്യുവാൻ മാർത്തോമ്മാ സഭ തയ്യാറാകേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഐക്യസഭയുടെ ആരാധനാസമ്പ്രദായങ്ങളെ സംബന്ധിച്ച് പറയുന്നതും ശ്രദ്ധാർഹമാണ്. "ആരാധനകളും പ്രാർത്ഥനകളും (Rituals) പാശ്ചാത്യരുടെ അനുകരണമാകരുത്. അവ പൗരസ്ത്യമായിരിക്കണം. അർത്ഥത്തിൽ ഭാരതീയമായിരിക്കണം."

പാശ്ചാത്യ ആരാധനാരൂപങ്ങൾ മുറുകെപ്പിടിക്കുന്നതു

> " പൗരസ്ത്യസഭയുടെ പരമ്പരാഗതമായ ആരാധനാസമ്പ്രദായത്തിന്റെ ഉത്തമസവിശേഷതകൾ നിലനിർത്തിക്കൊണ്ടും പാശ്ചാത്യസഭയുടെയും മാർട്ടിൻ ലൂഥറിന്റെയും നവീകരണതത്വങ്ങൾ അംഗീകരിച്ചുകൊണ്ടും ഇവ രണ്ടിന്റെയും മധ്യേ ഒരു ചങ്ങലക്കണ്ണി പോലെ നിലനിൽക്കുവാൻ കഴിയുന്നതിൽ നാം അഭിമാനിക്കുന്നു. "

പ്രൊട്ടസ്റ്റന്റ് സഭകളും പരമ്പരാഗത പൗരസ്ത്യ ആരാധനാസമ്പ്രദായങ്ങൾ അപ്പാടെ തുടരുന്നതു മാർത്തോമ്മാസഭയും ഉപേക്ഷിച്ച് ഭാരതീയത തുളുമ്പുന്നതും പാശ്ചാത്യവും പൗരസ്ത്യവുമായ പൈതൃകങ്ങളിൽനിന്നു പ്രചോദനമുൾക്കൊള്ളുന്നതുമായ ആരാധനാരൂപങ്ങൾ സൃഷ്ടിക്കണം എന്നാണല്ലോ സൂചന. നവീകരണകാലം മുതൽ പ്രൊട്ടസ്റ്റന്റ് സഭകളുമായി ഊഷ്മളബന്ധമാണ് മാർത്തോമ്മാ സഭ പുലർത്തിയിട്ടുള്ളത്. പരസ്പരം ധന്യരാക്കുന്ന ഒരു ബന്ധമായിട്ടാണ് കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകാലം മാർത്തോമ്മാ-പ്രൊട്ടസ്റ്റന്റ് ബന്ധം ഇരുന്നിട്ടുള്ളത്. ആംഗ്ലിക്കൻ സഭയുമായും സി.എൻ.ഐ, സി.എസ്.ഐ എന്നീ സഭകളുമായും മാർത്തോമ്മാ സഭയ്ക്കുള്ള പൂർണ്ണസംസർഗ്ഗ ബന്ധത്തിന് സഭാപ്രതിനിധി മണ്ഡലത്തിന്റെ അംഗീകാരമുണ്ട്. മറിച്ച് മാർത്തോമ്മാ സഭയെ സുറിയാനിവത്ക്കരിക്കാനും പ്രൊട്ടസ്റ്റന്റ് ബന്ധങ്ങളെ നിഷിദ്ധമായി കാണുവാനുമുള്ള ഒരു ചെറിയ കൂട്ടത്തിന്റെ ഉദ്യമങ്ങൾക്കു മണ്ഡലത്തിന്റെ അംഗീകാരമില്ല. അതുകൊണ്ടുതന്നെ മാർത്തോമ്മാസഭ സുറിയാനിവത്ക്കരിക്കുവാനും 'ശുദ്ധീകരിക്കുവാനു'മുള്ള ഉദ്യമങ്ങൾ

ആംഗ്ലിക്കൻ സഭയുമായും സി.എൻ.ഐ, സി.എസ്.ഐ എന്നീ സഭകളുമായും മാർത്തോമ്മാ സഭയ്ക്കുള്ള പൂർണ്ണസംസർഗ്ഗ ബന്ധത്തിന് സഭാപ്രതിനിധി മണ്ഡലത്തിന്റെ അംഗീകാരമുണ്ട്. മറിച്ച് മാർത്തോമ്മാ സഭയെ സുറിയാനിവത്ക്കരിക്കാനും പ്രൊട്ടസ്റ്റന്റ് ബന്ധങ്ങളെ നിഷിദ്ധമായി കാണുവാനുമുള്ള ഒരു ചെറിയ കൂട്ടത്തിന്റെ ഉദ്യമങ്ങൾക്കു മണ്ഡലത്തിന്റെ അംഗീകാരമില്ല. അതുകൊണ്ടുതന്നെ മാർത്തോമ്മാസഭ സുറിയാനിവത്ക്കരിക്കുവാനും 'ശുദ്ധീകരിക്കുവാനു'മുള്ള ഉദ്യമങ്ങൾ സാധുതയില്ലാത്തതും അനധികൃതവുമാണ്. എപ്പിസ്കോപ്പാമാരിൽ ചിലരുടെ പിന്തുണയുണ്ട് എന്നതു മൂലം അത്തരം നീക്കങ്ങൾക്കു സാധുതയുണ്ടാകുന്നില്ല.

സാധുതയില്ലാത്തതും അനധികൃതവുമാണ്. എപ്പിസ്കോപ്പാമാരിൽ ചിലരുടെ പിന്തുണയുണ്ട് എന്നതു മൂലം അത്തരം നീക്കങ്ങൾക്കു സാധുതയുണ്ടാകുന്നില്ല.

**5. സുറിയാനിവത്ക്കരണത്തിന്റെയും പ്രൊട്ടസ്റ്റന്റ് വിരോധത്തിന്റെയും വേരുകൾ**

ആരാധനാക്രമങ്ങൾ മലയാളത്തിൽ ആക്കിക്കൊണ്ടാണ് മലങ്കരയിലെ നവീകരണം തുടക്കം കുറിച്ചത്. പാശ്ചാത്യ നവീകരണപ്രസ്ഥാനത്തിൽ നിന്നും വിലപ്പെട്ട ഉൾക്കാഴ്ചകൾ സ്വീകരിച്ചുകൊണ്ടാണ് കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളോളം നവീകരണപ്രസ്ഥാനവും മാർത്തോമ്മാസഭയും വളർന്നത്. അങ്ങനെയിരിക്കെ കർമ്മാചാരങ്ങളോടും സുറിയാനി ഭാഷയോടും വർദ്ധിച്ച താത്പര്യവും പ്രൊട്ടസ്റ്റന്റ് ബന്ധങ്ങളോടു നിഷേധാത്മകഭാവവും എന്തുകൊണ്ട് ഇപ്പോൾ ഉയർന്നുവരുന്നു എന്നത് ചിന്തനീയമാണ്. സഭയ്ക്കുണ്ടായ ധനസമൃദ്ധിയുമായി ഇതിനു ബന്ധമുണ്ട് എന്നു ഞാൻ കരുതുന്നു. സഭയ്ക്കും സഭാംഗങ്ങൾക്കും സഭാനേതൃത്വത്തിനും ധനസമൃദ്ധിയുണ്ടായപ്പോൾ ധനവിനിയോഗത്തിൽ അധാർമ്മികതയും അഴിമതിയും വളരെ വർദ്ധിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്. സഭയുടെ എപ്പിസ്ക്കോപ്പൽ നേതൃത്വവും ഭീമമായ സമ്പത്ത് കണക്കു ബോധിപ്പിക്കാതെ കൈകാര്യം ചെയ്യുവാൻ തുടങ്ങി. നേതൃനിരയിൽ അധികാരദുർവിനിയോഗം, ഏകാധിപത്യം ഇവ അസഹ്യമായി പെരുകുകയും ചെയ്തു. **ഇതിനെല്ലാം എതിരെ സഭയിൽ ശക്തമായ വികാരത്തള്ളലുണ്ട്. ഈ വിമർശനങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കുന്നതിനു പകരം ധാർമ്മികവിഷയങ്ങൾ അവഗണിക്കുന്നതും കർമ്മാചാരപ്രമുഖവുമായ ഭക്തി പ്രോത്സാഹിപ്പിക്കുന്നതിന് പണവും അധികാരവും ദുർവിനിയോഗം ചെയ്യുന്നവർ താത്പര്യം കാട്ടുന്നു എന്നു വേണം കരുതുവാൻ.** പാരമ്പര്യങ്ങൾക്കു മുൻതൂക്കം നൽകി പാരമ്പര്യസംരക്ഷകരായ പട്ടക്കാരിലും മേൽപ്പട്ടക്കാരിലും ചോദ്യം ചെയ്യപ്പെടാനാവാത്ത അധികാരം കേന്ദ്രീകരിക്കുവാനുള്ള ത്വരയും ഇതിൽ കാണാം. ധാർമ്മികപുതുക്കം ശക്തീകരിക്കുന്നതും ജനായത്തഭരണക്രമം ശക്തീകരിക്കുന്നതുമായ നവീകരണശൈലിയുടെ ഉറവിടം പ്രൊട്ടസ്റ്റന്റ് പാരമ്പര്യങ്ങളിലായിരുന്നല്ലോ. അതിനാൽത്തന്നെ കർമ്മാചാരപ്രമുഖവും ഏകാധിപത്യപരവുമായ രീതിയിൽ സഭാജീവിതം ചിട്ടപ്പെടുത്തുന്നതിന് പ്രൊട്ടസ്റ്റന്റ് പൈതൃകം ഒരു തടസ്സമായി ചിലർ കാണുന്നുണ്ടാകാം. സമ്പത്തിന്റെയും അധികാരത്തിന്റെയും ദുരുപയോഗം ചോദ്യം ചെയ്യപ്പെടാതെ തുടരുന്നതിന് കർമ്മാചാരപ്രമുഖവും പ്രൊട്ടസ്റ്റന്റ് വിരുദ്ധവുമായ നിലപാടുകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു എന്നത് സഭയുടെ ശ്രദ്ധയിലേക്കു കൊണ്ടുവരട്ടെ. മെത്രാപ്പോലീത്താ സ്ഥാനത്തെ രാജകീയ ആധിപത്യം പോലെ കാണുന്നതിന് പ്രൊട്ടസ്റ്റന്റ് ബന്ധങ്ങളിലൂടെ ലഭിച്ച ജനാധിപത്യതത്വങ്ങളിലധിഷ്ഠിതമായ ഭരണഘടന ഒരു തടസ്സമായി ചിലർ കാണുന്നുണ്ടാകാം. ഈ തടസ്സം ഒഴിവാക്കുവാൻ പ്രൊട്ടസ്റ്റന്റ് ബന്ധങ്ങളെയെല്ലാം തള്ളിപ്പറയുന്നത് ആവശ്യമായി ചിലർ കരുതുന്നുണ്ടാവാം. അതിനാൽ പാരമ്പര്യങ്ങളോടുള്ള അമിത ആഭിമുഖ്യം ഒരു നിർദ്ദോഷകരമായ പ്രതിഭാസമല്ല. മാർത്തോമ്മാസഭയെ നവീകരണപൂർവസ്ഥിതിയിലേക്കു വലിച്ചിഴച്ച് ജാതീയത കലർന്ന ഒരു സുറിയാനി സഭയാക്കി പരുവപ്പെടുത്തുക എന്ന സുവിശേഷവിരുദ്ധ നിലപാട് ഇതിൽ പ്രകടമായും കാണാം എന്നു നിരീക്ഷിക്കട്ടെ.

മാർത്തോമ്മാസഭ മലിനീകരിക്കപ്പെടുന്നെങ്കിൽ അതു പ്രൊട്ടസ്റ്റന്റ് ബന്ധങ്ങൾ മൂലമല്ല, മറിച്ച് ധനസമൃദ്ധിയുണ്ടായപ്പോൾ ധനത്തിന്റെയും അധികാരത്തിന്റെയും

സാമ്പത്തിക ക്രമക്കേടും അധികാരദുർവിനിയോഗവും മൂലമുള്ള മലിനീകരണവും ജീർണ്ണതയും മാർത്തോമ്മാസഭയ്ക്കു മാത്രം ഭവിച്ച ദോഷമല്ല. റോമൻ കത്തോലിക്കാസഭ മുതൽ പെന്തക്കോസ്ത്- കാരിസ്മാറ്റിക് സഭകൾ വരെ എല്ലായിടത്തും ഈ ജീർണ്ണത പടർന്നിരിക്കുന്നു. ഇതിൽ വേദനിക്കുന്ന ഒരു വിഭാഗം എല്ലാ സഭകളിലും ഉണ്ട്.